# പ്രസന്നകേരളം


ചങ്ങമ്പുഴ കൃഷ്ണപിള്ള

## ആഭിചാരം

(ട്യൂയ്‌ലെറീസിൽ ഒരു മുറിയാണിതു്—കൊല്ലം 1810 ആണു്—മാസം—ഫെബ്രുവരി

മുറിയുടെ മദ്ധ്യത്തിലായി ഒരു ഡസ്കു്, സിംഹാസനികളുടെ വലത്തു വശം, രംഗത്തിൽ പുരോഭാഗത്തായി ഒരു സോഫ. സോഫക്കരികെ വലത്തോട്ടൊരു വാതിൽ; പിൻഭാഗത്തെ ചുമരിൽ ഇടത്തോട്ടു മറെറാരു വാതിൽ. യവനിക ഉയരുമ്പോൾ സിക്രട്ടറി (അതെ, സംശയിക്കാനില്ലല്ലോ, പുരുഷൻ തന്നെ) ഡസ്കിന്നരികെ നിൽക്കുകയാണു്. അയാൾ തന്റെ യജമാനനായി അടിയന്തിരക്കത്തുകൾ തരം തിരിച്ചടുക്കി വെയ്ക്കുന്നു.)

പാത്രങ്ങൾ.
പരിചാരകൻ
സെക്രട്ടറി
ഒരു സ്വരം
ചക്രവർത്തി
പെൺകുട്ടി

(പരിചാരകൻ വലത്തുവശത്തു നിന്നും പ്രവേശിക്കുന്നു.)

പരിചാരകൻ

(സാവകാശത്തിൽ നടക്കുന്നു) മെഡ്‌മാദ്‌സേൽ ലെബ്ലാൻക് വന്നു ചേർന്നിട്ടുണ്ട്.

സിക്രട്ടറി

(അടിയന്തിരക്കത്തുകളിൽ വലിയ ജോലിത്തിരക്കോടെ) അവളെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടു വരു. (അയാൾ ഉദാസീനമായി പുറകിൽ സോഫയുടെ നേർക്കു ഒരു വിരൽ ചൂണ്ടിക്കാണിക്കുന്നു)

(തന്റെ ജോലി തനിക്കു വശമുണ്ടെന്നു പറയും പോലെ ശാന്ത സ്വരത്തിൽ എന്തോ പിറു പിറുക്കുന്നു, അയാൾ വലത്തു കൈ ഉയർത്തി ഉള്ളം കൈ മലർത്തി എന്തോ ഒന്നു ചോദിക്കും പോലെ വിരലുകൾ ഇളക്കുന്നു.)

(ഓർമ്മ വന്നിട്ട്) ഓ, ശരി!

(ഒരു വലിപ്പിൽ നിന്നു കുട്ടിയുള്ളതും കനം തൂങ്ങുന്നതുമായ, ഒരു പട്ടുകൊണ്ടു തീർത്ത പണസഞ്ചിയെടുത്തു അയാൾ പരിചാരകന്റെ മലർത്തിപ്പിടിച്ച ഉള്ളം കൈയിൽ വച്ചു കൊടുക്കുന്നു.)

സ്വർണ്ണംകൊണ്ടുള്ള ഒരുനൂറു നെപ്പോളിയൻ

പരിചാരകൻ

(പണസ്സഞ്ചിയുടെ കനം നോക്കിക്കൊണ്ട്) ഇതിനും മാത്രമുള്ള ഗുണമൊന്നുമില്ലവൾക്കു—തൊണ്ണൂറെറാൻപതു അധികപ്പററാണ്!

സെക്രട്ടറി

എന്തു, അവൾ കാണാൻ നന്നല്ലേ?

പരിചാരകൻ

അതെ, അതെ. അവൾ തികച്ചും ചന്തമുള്ളവൾ തന്നെ. പക്ഷെ, പത്തു മിനിററു കൊണ്ടു നിങ്ങൾ കാര്യം കലാശിപ്പിച്ചാൽ ഏതു പെണ്ണാണുള്ളതു സാരേ ഒരൊററ സ്വർണ്ണനാണയത്തിൽ കൂടുതൽ കൊടുക്കേണ്ടതായിട്ട്?

സെക്രട്ടറി

എല്ലായ്പ്പോഴും അത്ര പെട്ടെന്നു തീർത്തുകളയുന്ന ഒരിടപാടാണോ ഇതു്?

പരിചാരകൻ

(അങ്ങനെ തന്നെ എന്ന അർത്ഥത്തിലുള്ള ഒരു മൂളലിനു ശേഷം) അദ്ദേഹം പ്രവേശിക്കുന്നു. സ്ത്രീ വന്നിരിക്കുന്നു. അദ്ദേഹം പറയുന്നു: "നിങ്ങളുടെ വസ്ത്രമെല്ലാം അഴിച്ചു മാററു! അവൾ അവളുടെ വസ്ത്രങ്ങൾ അഴിച്ചു മാററുന്നു. അദ്ദേഹം സ്ത്രീയെ കടന്നു പിടികൂടുന്നു. അദ്ദേഹം മണിയടിക്കുന്നു. ഞാൻ 'ഓർമ്മക്കിഴി' കൊണ്ടു പോയി കൊടുക്കുന്നു. സ്ത്രീ പോകുന്നു. ഒരിക്കലും അവൾ തിരിച്ചു വരുന്നില്ല. അദ്ദേഹത്തിന്റെ രൂപത്തിന്റെ സ്വർണ്ണത്തിലുള്ള നൂറു പ്രതികൾ അവളുടെ കയ്യിൽ (എന്തോ മനോരാജ്യം വിചാരിച്ചു തലകുലുക്കിക്കൊണ്ട്) അവൾ സമ്പാദിച്ചതിൽ തൊണ്ണൂറെറാൻപതും അധികപ്പററു.

സെക്രട്ടറി

(എന്തോ ആലോചിച്ചുകൊണ്ട്) അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അവൾ അതു സമ്പാദിക്കുമായിരിക്കാം.

പരിചാരകൻ

(അങ്ങനെയല്ലെന്ന ഭാവത്തിൽ തലയാട്ടിക്കൊണ്ട്) പത്തു മിനിററു കൊണ്ട് തന്റെ പണത്തിന്റെ മുതലെടുക്കാൻ അദ്ദേഹത്തിനു സാധ്യമല്ല.

സെക്രട്ടറി

(നാഴികമണിയിൽ നോക്കിയിട്ട്) അവളെ അകത്തു കൂട്ടിക്കൊണ്ടു വരൂ.......അദ്ദേഹം ഇതാ ഇപ്പോൾ ഇവിടെ വന്നു കഴിയും.

(പരിചാരകൻ പോയി മെഡ്‌മാദ്‌സേൽ ലെബ്ലാൻകിനേയും കൊണ്ടു തിരിച്ചെത്തുന്നു. നടപടിയെല്ലാം വളരെ അന്തസ്സിലാണ്. ചക്രവർത്തി തിരുമേനിയുമായി ഒരു കൂടിക്കാഴ്ച നടത്തുവാനുള്ള ഉന്നത പദവിയോടുകൂടിയ ഒരു മാന്യസ്ത്രീയോടെന്നതു പോലെയാണ് മെഡ്‌മാദ്‌സേൽ ലെബ്ലാൻകിനോടുള്ള അവരുടെ പെരുമാററം)

പരിചാരകൻ

(അത്യാദരപൂർവ്വം) മെഡ്‌മാദ്‌സേൽ ലെബ്ലാൻക്

[സെക്രട്ടറി പ്രണമിക്കുന്നു]

[പരിചാരകന്റെ ഒരു വലിയ ആദര പ്രദർശനത്തോടെ മെഡ്‌മാദ്‌സേൽ ലെബ്ലാൻകിനോട് കാത്തിരിക്കുവാനുള്ള അവളുടെ സ്ഥാനം സോഫക്കരികെയാണെന്നു സൂചിപ്പിക്കുന്നു. അനന്തരം അയാൾ വലത്തുവശത്തുള്ള വാതിലിൽക്കൂടി പിൻവാങ്ങുന്നു.]

[സെക്രട്ടറി തന്റെ കടലാസുകളോടു അവസാനനിമിഷത്തിലുള്ള ഒരു ശ്രദ്ധനടിക്കുന്നു. പിന്നിൽ ഇടതുഭാഗത്തുള്ള വാതിൽ അദൃശ്യഹസ്തങ്ങളാൽ തുറക്കപ്പെടുന്നു.]

ഒരു സ്വരം.

ചക്രവർത്തി.

[ചക്രവർത്തി പ്രവേശിക്കുന്നു വാതിൽ അദൃശ്യഹസ്തങ്ങളാൽ അടയ്ക്കപ്പെടുന്നു. ചക്രവർത്തിക്കു നിങ്ങൾ ചരിത്രത്തിൽ നിന്നറിയുന്നതുപോലെ, നാൽപതു വയസ്സു പ്രായമുണ്ട്. അദ്ദേഹം ജോസഫയിനിനെ അടുത്തു ഉപേക്ഷിച്ചതേയുള്ളു. അധികം താമസിയാതെ മേരിലൂയിയെ അദ്ദേഹം വിവാഹം കഴിക്കും.]

സോഫക്കരികെയുള്ള പെൺകിടാവ് വിനയം കാണിക്കുന്നു]

ചക്രവർത്തി വിലങ്ങനെ കടന്നു ഡസ്ക്കിന്നരികേ ചെല്ലുന്നു]

സെക്രട്ടറി

വീയന്നായിൽനിന്നുള്ള അടിയന്തിരക്കത്തുകൾ.

[ചക്രവർത്തി അടിയന്തിരക്കത്തുകളെടുത്തു താൽപ്പര്യത്തോടെ വായിക്കാൻ തുടങ്ങുന്നു. ശിരസ്സുയർത്താതെ അദ്ദേഹം ഒരാംഗ്യംകൊണ്ട്, സെക്രട്ടറിക്കു പോകാമെന്നു സൂചിപ്പിക്കുന്നു]

[സെക്രട്ടറി പ്രണമിച്ചിട്ട് പിന്നിലുള്ള വാതിലിൽക്കൂടി അപ്രത്യക്ഷനാകുന്നു]

ചക്രവർത്തി;

(തലപൊക്കിനോക്കാതെ) നിന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചു മാററു.

(പെൺകുട്ടി പരുങ്ങുന്നു; പക്ഷെ അനങ്ങുന്നില്ല.)

ചക്രവർത്തി

സന്തുഷ്ടചിത്തനായി കത്തുകൾ വായിച്ചുകൊണ്ടിരിക്കെ പെൺകൊടിയുടെനേർക്കു, ആകസ്മികമായി ഒന്നു കണ്ണെറിയുന്നു)

നിന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചുമാററു.

(പെൺകിടാവ് അനങ്ങുന്നില്ല)

ചക്രവർത്തി

(വായന അവസാനിപ്പിക്കുന്നു. അദ്ദേഹം കത്തുകൾ ഡസ്ക്കിന്മേൽ ഇട്ടിട്ട് തിരിയുന്നു. അദ്ദേഹത്തിന്റെ സ്വരത്തിൽ ഒരുഗ്രതച്ഛായയോടുകൂടി) നിന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചുമാററു.

(പെൺകുട്ടി അനങ്ങുന്നില്ല)

നീ കേൾക്കുന്നില്ലേ ഞാൻ നിന്നോടു പറയുന്നതും? (കൂടുതൽ അടുത്തുവരുന്നു) എന്തിനാണു് നീ ഇവിടെ വന്നിട്ടുള്ളതെന്നു നിനക്കറിഞ്ഞുകൂടേ? (അൽപനേരത്തെ മൌനം) ഉത്തരം പറയൂ: അറിയാമോ? അതോ അറിയില്ലയോ

പെൺകുട്ടി

---

## വിഷയവിവരം.


1. ആഭിചാരം (നാടകം) ചങ്ങമ്പുഴ കൃഷ്ണപിള്ള എം.ഏ.
2. അദ്ധ്യാപകധർമ്മം മിസ്സ് അന്നമ്മ ചെറിയാൻ.
3. ട്രാജഡി (ഹാസ്യലേഖനം) ഏ.ററി.മാക്കസ്സ് എം. ഏ., എൽ. ഏൽ.എം.
4. ബാല്യസ്മരണകൾ കെ. സി. മാമ്മൻമാപ്പിള
5. കൽപ്പന (സിനിമാ) ആനന്ദക്കുട്ടൻ.
6. കാർഷികപരിവർത്തനം ഇ.എം.എസ്.നമ്പൂതിരിപ്പാട്
7. പി. ററി. പുന്നൂസ് (തൂലികാചിത്രം) സി. ജെ. തോമസ്സ് ബി. ഏ. ബി. എൽ.


---


പ്രസന്നകേരളം
26. 5. 46
പുസ്തകം 18 ലക്കം 4
വില രണ്ടണ

ഏ. ററി. മാക്സ് എം. ഏ. എൽ. എൽ. എം.

# ട്രാജഡി

(ഏകദേശം 25 വയസ്സു പ്രായമുള്ള സുമുഖനായ ഒരു വിവാഹിതൻ ഊട്ടക്കമണ്ടിലെ ഒരു ഹോട്ടലിന്റെ പൂമുഖത്ത് ഒരു കസേരയിൽ ചാരികിടന്ന് അതിശ്രദ്ധയോടുകൂടി അന്നത്തെ "ഇന്ത്യൻ എക്സ്പ്രസ്സ്" വായിക്കുകയാണ്. നാല്പത്തഞ്ചുവയസ്സു പ്രായമുള്ള ഒരു മഹതി (എന്നാൽ അവരുടെ രൂപലാവണ്യവും ആരോഗ്യവും കൊണ്ട് ഒരിരുപത്തെട്ടു വയസ്സിൽ കൂടുതൽ ആരും പറയുകയില്ല.) എതിരെയുള്ള ഒരു സോഫായിൽ ഇരിക്കുന്നു. അവളുടെ മടിയിൽ തലയുംവെച്ച് രണ്ടുവയസ്സു പ്രായമുള്ള ഒരു കുമാരി ചുവരിൽ തൂക്കിയിരിക്കുന്ന ഒരു സിംഹക്കുട്ടിയുടെ പടം നോക്കിയും ഒരു കൈകൊണ്ട് അമ്മയുടെ തുടയിൽ പിച്ചിയും ആനന്ദിക്കുന്നുണ്ട്. യുവാവ് യാദൃച്ഛികമായി തല ഉയർത്തിയപ്പോൾ തന്നെ ആ സ്ത്രീ വളരെ കൗതുകത്തോടെ നോക്കുന്നുണ്ടെന്ന് മനസ്സിലായി. അവരുടെ നോട്ടങ്ങൾ തമ്മിലിടഞ്ഞു.

യുവാവ്: (തന്നെത്താൻ) ഭാ അയ്യോ ഇവരെന്നെ ഇങ്ങനെ നോക്കിയാൽ ബാക്കിയൊന്നും പിന്നെ കാണുകയില്ലല്ലോ. കുട്ടിയൊരെണ്ണം മടിയിൽ കിടപ്പുണ്ട് ഊട്ടിയിൽ ഏകയായി വരാൻ മാർഗ്ഗമില്ല ഇവരുടെ കെട്ടിയവൻ ഇവിടെയെവിടെഎങ്കിലും ഉണ്ടായിരിക്കണം. ആ കൊച്ചിന് തള്ളയുടെ ഛായയല്ല. അതിന്റെ മുഖം കണ്ടിട്ട് തന്ത കണ്ടാൽ നല്ല കൂട്ടത്തിലാണെന്നുള്ളതിന് തർക്കമില്ല. അല്ല ചിലപ്പോൾ ഇതുപോലെ വേറെ വല്ല ആണുങ്ങളേയും ഇവരു കണ്ണിട്ട് പിടിച്ചുകൊണ്ടുപോയതായിരിക്കും. ഛേ! എന്നെനോക്കി അവർ പുഞ്ചിരിക്കുന്നു. എന്തൊരു മോഡി രസികൻശരീരമാണ് മുഖം കണ്ടിട്ടുണ്ടോ കഞ്ഞികുടിച്ചു കിടക്കുന്നടത്തെതാണെന്നു തോന്നുന്നു. ഓ അതിനെന്താണു പലതരം പലഹാരങ്ങൾ അനുഭവിക്കുവാനുള്ള ആഗ്രഹം പാവങ്ങൾക്കൊക്കെ ഉണ്ടോ? ഏതായാലും മലയാളിയാണെന്ന് തോന്നുന്നു. അവളുടെ ഈ സൌന്ദര്യ രുന്നല്ലോ! ഹ ചാമി ശരണം! മററുള്ളവരെല്ലാം നോക്കുന്നത് അതിനു കാണാൻ വയ്യേ അൻപതു പ്രായം കൂടുതലല്ലേ പിന്നെ ഡോക്ടർ ജോൺസന്റെ പെമ്പിളയുടെയാളെക്കാൾ പതിനാറുവയസ്സു കൂടുതലുണ്ടായിരുന്നല്ലോ എത്ര സ്നേഹമേറിയ നോട്ടമാണ് ആ കണ്ണുകൾകൊണ്ട് നോക്കുന്നത്. ഏതൊരു യുവഹൃദയവും അലിഞ്ഞുപോകും. ആ കടാക്ഷത്തിൽ തീർച്ചയായും കവിതയുണ്ട്. പോരെങ്കിൽ യുവഹൃദയം കവിഹൃദയം എന്നല്ലെ വാഗ്ഭടൻ പറഞ്ഞിരിക്കുന്നത്. ഒന്ന് കെട്ടിപിടിച്ചാലാത്മനിർവൃതിയുണ്ടാകും ....ഇനി നാശം വല്ലകടിമൂത്ത തേവിടിശ്ശിയോമററോ ആണോ നമ്മുടെ പണമെല്ലാം മടിച്ചെടുത്തിട്ട് മണ്ടകളിപ്പിച്ച് വിടാനായിരിക്കും പക്ഷെ എന്റെ കൈയിൽ പിന്നെ പണം കിടന്നു മറിയുകയാണു !! പത്തുരൂപാ തികച്ചെടുക്കാനില്ല

"വേശ്യാസ്ത്രീദർശനം പുണ്യം സ്പർശനം പാപനാശനം" എന്നല്ലെ മഹജ്ജനം എവിടെയെങ്കിലും പത്തിയപൂത്രപാകടം വാങ്ങിച്ചാലെന്താ?

ഹായ് സകലരും ഞങ്ങളെ രണ്ടിനേയും തന്നെ നോക്കുന്നു, മററുള്ള കഴുതകളെ ഈ കാമിനിമണി കടാക്ഷിക്കുന്നതിന് ഞാനെന്തുവേണം. ആ കണ്ണിലടികൊണ്ടും ഞാനും ആ സുഖം അനുഭവിക്കുന്നെന്നു വിചാരിച്ചാണോ ഇവർ കണ്ണിറുക്കുന്നതും റിസിവുടിക്കുന്നതുമൊക്കെ. പക്ഷെ ആ സ്ത്രീ ഇതൊന്നുമറിഞ്ഞ ഭാവമില്ലല്ലോ. ഏതായാലും ഞാനീ പേപ്പറിലേക്ക നോക്കി ഇരുന്നുകളയാം.

മഹിള-(ആത്മഗതം) ആ കുഞ്ഞ് എന്റെ ഗോപിയെപ്പോലെതന്നെ ഇരിക്കുന്നല്ലോ ഗോപിയുടെ അമ്മയല്ല ഞാൻ എങ്കിൽ എനിക്കും ആളുതെററിപ്പോയേനേ. അത്രയ്ക്കു സാദൃശ്യമുണ്ട് ഇവരു തമ്മിൽ. കഷ്ടം ഗോപിയെകൊണ്ടുപോരാൻ കഴിഞ്ഞതുമില്ലല്ലോ. എന്നെങ്കിൽ, ഗോപിക്കും ഈ കുഞ്ഞിനുംകൂടി ഒരുമിച്ച് കളിച്ചുനടക്കാമായിരുന്നു. എന്താ ചെയ്യുന്നത്. പ്രതിദിനം ഒരാൾക്ക പതിനഞ്ചു രൂപായെങ്കിലും വേണം ഈ മലമുകട്ടിൽവന്നുതാമസിക്കുന്നതിനു. ഈ കൊച്ചു കൊച്ചിനെ ഒരുമാസമെങ്കിലും നാട്ടിലെ ഉഷ്ണത്തിൽനിന്നു കൊണ്ടുപോന്നില്ലെങ്കിൽ അതിന്റെ ജീവൻ അപകടത്തിലാകുമെന്ന് പറഞ്ഞിട്ടല്ലെ ഇപ്പോൾ ഞങ്ങൾ രണ്ടാളുംകൂടി ഇറങ്ങിത്തിരിച്ചത്. ഈ കുഞ്ഞിന്റെപേരെന്തൊന്നാപോലും. ഏകദേശം അതേപ്രായം. ആ പുരികവുംമററും ഗോപിയുടെകൂട്ടുതന്നെ ഇരിക്കുന്നു. ഗോപിക്കു കുറേക്കൂടി വണ്ണം കുറവാണെന്നു തോന്നുന്നു. അവൻ പേപ്പർ വായിക്കുമ്പോഴും ഇതുപോലെതന്നെയാണ്. രണ്ടുകണ്ണും പകുതിയടച്ച് പുരികം ചുളിച്ച് കീഴത്തെ ചുണ്ട് ഒരല്പം അമർത്തി എന്റെ ഗോപിയോടെന്നപോലെ എനിക്കിവനോട് വാൽസല്യംതോന്നുന്നു. ഓ അവൻ മുഖം ഉയർത്തി എന്നെ നോക്കുന്നു. എന്തൊരു നോട്ടം, എന്നെ കേറി 'അമ്മേ, എന്നു വിളിച്ചെങ്കിൽ ചിലപ്പോൾ അവന്റെ അമ്മയും എന്നെപ്പോലെയായിരിക്കും ഇരിക്കുന്നത്. എന്റെ മുല ചൊരിയുന്നു. എഴുന്നേററു ചെന്നു അവനെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്താലോ എന്നു തോന്നിപ്പോകുന്നു. ഓതാ പിന്നെയും എന്നെ നോക്കുന്നു. അവനെന്നോട് സ്നേഹം തോന്നിയിട്ടുണ്ട് സംശയമില്ല. "എന്റെ ഗോപിയെ കണ്ടറിയുമോ" എന്നങ്ങു ചോദിച്ചാലോ? ഓ പിന്നെയും അവൻ തല കുനിച്ച് പത്രം വായിച്ചുതുടങ്ങിയല്ലോ എന്റെ ഗോപിയും ഇതുപോലെതന്നെയാ. ഞാനെന്തെങ്കിലും അവനോട് ചോദിക്കാൻ വിചാരിക്കുമ്പോഴേക്ക് അവൻ മറേറതിലെങ്കിലും ശ്രദ്ധിക്കുകയായി. അവനവന്റെ മക്കളെത്തന്നെ മനസ്സിലാക്കാൻ വലിയ പ്രയാസമാണ്.

(ചുററുമുള്ളവരുടെ പകച്ച നോട്ടവും ഭാവവും പെട്ടെന്ന് കണ്ണിൽപെടുന്നു)

ഈ മനുഷ്യരെല്ലാം എന്റെ മുഖത്തുതന്നെ നോക്കിക്കൊണ്ട് നിൽക്കുന്നതെന്തിനാ പോലും. ഈ ശവങ്ങൾക്കൊക്കെ മാനമായിട്ട് പെരുമാറിക്കൂടെന്താ. ഒരു പെൺപിറന്നവരെ കണ്ടാൽ പിന്നെ അരവായും പൊളിച്ചങ്ങു നോക്കുകയാണ്. ഇവർക്കാർക്കും തള്ളയും പെങ്ങന്മാരുമൊന്നുമില്ലേ? നടക്കാൻ പോയ കുഞ്ഞിയെ നോക്കിയിരുന്നാൽ രക്ഷയില്ലാ ഇവരുടെ നോട്ടത്തിനുതന്നെ ഒരു ദുർഗ്ഗന്ധമുണ്ട്. മുറിയിലേക്കു പൊയ്ക്കളയാം.

(കുമാരിയേയും എടുത്തുകൊണ്ട് മാതാവു നടന്നു.)

——


## പോയ തലമുറ

(പട്ടം, മന്നം, സി. വി. കുഞ്ഞുരാമൻ, ഏ. ബാലകൃഷ്ണപിള്ള, മാമ്മൻമാപ്പിള മുതലായവരുടെ തൂലികാചിത്രങ്ങൾ 1 ക.

## നിവേദനം

പൊൻകുന്നംവർക്കിയുടെ 8 പുതിയ ചെറുകഥകൾ 1– 4

## പുരോഗമനസാഹിത്യം എന്തിന്? 1–4

## അനശ്വരതയിലേക്കുള്ള ക്ഷണം

വി. വി. വർക്കി എം. ഏ. (അബ്ബാസിന്റെ നാടകത്തിന്റെ പരിഭാഷ) 0—12

## തകഴിയുടെ കഥകൾ 1 — 4

**നാഷനൽ ബുക്ക്സ്റ്റാൾ**
**കളരിക്കൽ ബസാർ—കോട്ടയം.**



## ആരുടെ രക്തം?

ജപ്പാന്റെ ഇൻഡ്യാ ആക്രമണം പാശ്ചാത്തലമാക്കി എഴുതിയ മികച്ച രാഷ്ട്രീയനാടകം
ഗ്രന്ഥകർത്താ:-ആലിസർദാർ ജാഫറി
വിവർത്തകൻ:-പി വി രാമവാരിയർ
ഈ നാടകം ബോംബെ നഗരത്തിൽ പതിനെട്ടു പ്രാവശ്യം അഭിനയിക്കയുണ്ടായി.
ജൂൺ 15–ാംനു-പ്രസിദ്ധപ്പെടുത്തും
വില രൂപാ ഒന്നു മാത്രം
നിങ്ങളുടെ കോപ്പിക്ക് മുൻകൂട്ടി ഓർഡർ ചെയ്യുക.
പി സി കമ്പനി കോട്ടയം



## കൊച്ചിൻ ടൈംസ്

(ആഴ്ചപതിപ്പ്)

ഒന്നാംതരം കഥകളും, കവിതകളും, ലേഖനങ്ങളും ഓരോ ലക്കത്തിലുമുണ്ടായിരിക്കും.
ഏജൻറന്മാരെ എല്ലാ സ്ഥലങ്ങളിലും ആവശ്യമുണ്ട്.

**മാനേജർ,**
**കൊച്ചിൻടൈംസ് - തൃശ്ശൂർ.**

അതിൽ ഒരാളെ ചേത്തലെ പാറായിൽ വിവാഹം കഴിച്ചു കൊടുത്തു. ഇന്നത്തെ പാറായിത്തരകന്മാർ ഈ വല്യമ്മയുടെ സന്താനപരമ്പരകളാണ്. രണ്ടാമത്തെ സഹോദരിയെ വെളിയനാട്ട തോപ്പിൽ എന്ന കുടുംബത്തിൽ വിവാഹം കഴിച്ചു. ഇവരും കത്തോലിക്ക സമുദായത്തിൽ ഉൾപ്പെട്ടവരാണ്. മൂന്നാമത്തെ സഹോദരിയെ കല്ലൂപ്പാറെയുള്ള മാന്യനസ്രാണികുടുംബമായ കലമണ്ണിലാണ് വിവാഹം കഴിച്ചു കൊടുത്തത്. ഇന്നു മാർത്തോമ്മാസമുദായത്തിലെ വൈദിക പ്രമുഖന്മാരായ ദിവ്യശ്രീ കെ. ഈ. ജേക്കബ്ബ് കശ്ശീശാ ദിവ്യശ്രീ കെ. ഈ. ഉമ്മൻ കശ്ശീശാ മുതലായവർ കലമണ്ണിൽ കുടുംബത്തിലെ അംഗങ്ങളാണ്. കലമണ്ണിലെ ഈ വല്യമ്മയ്ക്ക് 8 പുത്രിമാരുണ്ടായിരുന്നവരിൽ മിക്കവരേയും റോമൻ കത്തോലിക്ക കുടുംബങ്ങളിലാണ് വിവാഹം കഴിച്ചുകൊടുത്തിരുന്നതെന്നാണറിവ്. അങ്ങനെ ഇന്നത്തെ പല റോമൻകത്തോലിക്ക് കുടുംബങ്ങളുമായി അകത്തോലിക്കരായവർക്കു ചാർച്ചയും വേഴ്ചയുമുണ്ടായിരുന്നു എന്നു കാണിക്കാനാണ് ഇത്രയും പറഞ്ഞത്. അക്കാലത്തു നല്ലനിലയുള്ള കുടുംബങ്ങളിലെ പെൺമക്കളെ വിവാഹം കഴിച്ചു കൊടുത്താലും സ്വകുടുംബവുമായുള്ള ബന്ധം കാലാന്തരത്തിൽപ്പോലും ലവലേശം ശിഥിലമാകാറില്ലെന്നുള്ളതിനു തെളിവായിട്ടെന്നവണ്ണം പ്രസവങ്ങൾക്കെല്ലാം അവർ സ്വഭവനത്തിലേയ്ക്കു പോരുകയാണു പതിവ്. കലമണ്ണിലെ വല്യമ്മ 8 പെൺമക്കളെ പ്രസവിച്ചു എന്നു പറഞ്ഞല്ലൊ. ഈ എട്ടു പ്രസവങ്ങളും സ്വഭവനമായ ഇലഞ്ഞിക്കൽ വെച്ചാണു നടന്നിട്ടുള്ളത്. അതിനോടനുബന്ധിച്ച അന്തസ്സിനടുത്ത ചെലവുകളെപ്പറ്റിയാകട്ടെ പരിചരണാദരണങ്ങളെപ്പറ്റിയാകട്ടെ ആർക്കും യാതൊരു മുഷിച്ചിലുമില്ല. വല്യമ്മ എട്ടാമത്തെ മകളെ പ്രസവിച്ചു കിടക്കുന്നു. അപ്പോൾ ഇലഞ്ഞിക്കലെ ഒരു പ്രമാണി വല്യമ്മയുടെ സ്വന്ത സഹോദരൻ പെങ്ങളുടെ കുഞ്ഞിനെ കാണാൻ കടന്നു വന്നു.

"എന്താ കൊച്ചാങ്ങളെ ഈ കുഞ്ഞിനു പേരിടേണ്ടത്? അഭിപ്രായം കൊടുക്കട്ടെ" എന്നു ആ പിഞ്ചുശിശുവിനെ അടക്കിപ്പിടിച്ചുകൊണ്ടു കിടക്കുന്ന സഹോദരി ഒരു ചോദ്യമിട്ടു. പെണ്ണുമതി എന്ന വ്യംഗ്യാർത്ഥം ധ്വനിക്കുമാറു "മതിപെണ്ണ്" എന്നു പേരിട്ടാലൊ പെങ്ങളെ? എന്നു ഉടൻ യുക്തിക്കാരനായ ആങ്ങള മറുപടി നൽകിയത്രെ. ഇന്നത്തെ സംസ്കൃതക്കാർ കേട്ടാൽ "പെണ്ണു മതി എന്നല്ല അതിന്നർത്ഥം "ബുദ്ധിയുള്ള പെണ്ണ്" എന്നാണെന്നും ഒരുപക്ഷെ വ്യാഖ്യാനിച്ചേക്കാം. അങ്ങനെയായിരുന്നെങ്കിൽ വല്യമ്മക്കു സന്തോഷമായിരുന്നേനെ. പക്ഷെ ചോദ്യകർത്താവു മനസ്സിലാക്കിയതും ഉത്തരം നൽകിയ ആൾ ഉദ്ദേശിച്ചതും വ്യാകരണപ്രകാരം തെറ്റായിരിക്കാമെങ്കിലും "പെണ്ണു മതി എട്ടായല്ലൊ" എന്നുതന്നെയാണ്. ചോദ്യവും ഉത്തരവും നേരംപോക്കിലായിരുന്നുവെങ്കിലും അതിലന്തർഭവിച്ചിരുന്ന വിവക്ഷ എട്ടു പെൺമക്കളെ പെറ്റ വല്യമ്മയുടെ അഭിമാനബോധത്തിനു ഹാനികരമായി തോന്നിയെന്നും വല്യമ്മ കോപിച്ച് ഇനി ഞാൻ ഇവിടെ കയറുകയില്ലെന്നു പറഞ്ഞു. അത്തവണ ഇലഞ്ഞിക്കൽ നിന്നു പോയതിൽ പിന്നെ അവിടെ പോയിട്ടില്ലെന്നുമാണു കഥ.

(തുടരും)

ആനന്ദക്കുട്ടൻ

# കൽപന

## ഉദയശങ്കറിന്റെ പുതിയ ചലച്ചിത്രം

ചിലരുണ്ട് സിനിമാ എന്നു കേട്ടാൽ അവർക്കൊരു "വെകിളി"യാണ്. മൂന്നുദിവസത്തിലൊരിക്കലെങ്കിലും ഒരു സിനിമാ കണ്ടില്ലെങ്കിൽ അവർക്ക് ഉറക്കം പന്തിയാവില്ല. സ്നേഹിതന്മാർ ക്ഷണിച്ചാൽ പോലും സിനിമായ്ക്കാണെന്നു പറഞ്ഞാൽ മുഖം ചുളിക്കുന്ന ഏതാനും നല്ല പിള്ളകളും എല്ലാ ദിക്കിലുമുണ്ട്. ചലച്ചിത്രങ്ങളുടെ വൈകൃതങ്ങൾ രസകരമാണെന്നു കണ്ടിട്ടാണ് മേൽപ്പറഞ്ഞവരിൽ ആദ്യത്തെ കൂട്ടർ സിനിമായിൽ മുഴുകിപ്പോയത്. മനുഷ്യന്റെ സാംസ്കാരികമായ പുരോഗതിക്കു സിനിമായുടെ കഴിവുകൾ എത്രമാത്രം സഹായമാണെന്നു ചിന്തിക്കാതെ നല്ല പിള്ളകൾ അതിനെ പുച്ഛിക്കുന്നു.

തെക്കെ ഇന്ത്യ മുഴുവൻ തമിഴും തെലുങ്കും സിനിമകൾ പിടിച്ചടക്കിയിരിക്കുന്നു; ഇടയ്ക്കിടയ്ക്ക് ചില ഹിന്ദി ചിത്രങ്ങളും, ഇംഗ്ലീഷ് ചിത്രങ്ങളും എത്തിനോക്കാറുണ്ട്, അത്രയുള്ളു. ഇന്ത്യയൊട്ടുക്കു പ്രചാരം സിദ്ധിക്കുന്ന ഒരു ചലച്ചിത്രം ഈ അൻപതു കൊല്ലത്തിനിടക്ക് ആരും നിർമ്മിച്ചിട്ടില്ല; നമുക്ക് എല്ലാവർക്കും ഒരുപോലെ അഭിമാനം കൊള്ളാവുന്ന നമ്മുടെ അമൂല്യമായ കലാസമ്പത്തുകൾ പലതും ഇന്നും ചലച്ചിത്രങ്ങളിൽ കടന്നുകൂടിയിട്ടില്ല.

ഈ കുറവുകളെയെല്ലാം പരിഹരിക്കുവാൻ ആഗ്രഹമുള്ള ഒരു വിശ്വവിശ്രുതനായ കലാകാരൻ നമുക്കുണ്ട്—ശ്രീ ഉദയശങ്കർ. അദ്ദേഹം നിർമ്മിക്കുന്ന നൃത്തപ്രധാനമായ ചിത്രമാണ് "കൽപന".

സിനിമാലോകത്തിൽ കൽപന ഒരു പരിവർത്തനത്തിന്റെ പുണ്യോദയമായിരിക്കും. പേരു കേട്ടാൽ തോന്നുന്നതുപോലെ, ഒരു ഭാവനാസമാഹാരമാണ്. ഭാരതത്തിലുള്ള ഓരോ സംസ്ഥാനത്തിലേയും നൃത്തരീതികൾ, അനുരൂപമായ വേഷവിധാനങ്ങളോടുകൂടി വെള്ളിത്തിരയുടെ വെളിച്ചത്തിൽ കൊണ്ടുവരുവാനാണ് ശ്രീ. ഉദയശങ്കർ ഈ ചിത്രം കൊണ്ടുദ്ദേശിക്കുന്നത്. അത്തരം എൺപതു നൃത്തങ്ങൾ കൽപനയിൽ കാണാം.

ഒരു ബാലൻ—എല്ലാവരും അവനെ മുട്ടാളനെന്നു മുദ്രയടിക്കുന്നു—ഒരാൾ മാത്രം ആ കുട്ടിയുടെ കഴിവുകൾ മനസ്സിലാക്കി അവന്റെ ജീവിതം സമഗ്രസുന്ദരമാക്കുന്നു;- ഇതാണ് 'കൽപന'യെ തലോടി നിൽക്കുന്ന കഥ. അതിന് വിദ്യാഭ്യാസപരവും, മനഃശാസ്ത്രപരവുമായ പ്രാധാന്യമുണ്ട്.

കഴിഞ്ഞ മെയ്മാസത്തിൽ (ഒരു കൊല്ലം മുമ്പ്) മദ്രാസിലെ പ്രസിദ്ധമായ 'ജെമിനി' സ്റ്റുഡിയോയിൽവച്ച് 'കൽപന'യുടെ മുഹൂർത്തം കഴിഞ്ഞതാണ്. വിദേശസഹായം കൂടാതെ ഈ ചിത്രം നിർമ്മിക്കണമെന്നാണ് ശ്രീ. ഉദയശങ്കറിന്റെ ആഗ്രഹം. അദ്ദേഹവും; പത്നിയും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

ചിത്രത്തിന്റെ രംഗവിധാനങ്ങൾ ഒരുക്കുന്നതും ശ്രീ. ഉദയശങ്കറാണ്. ഒരേ വലിപ്പത്തിലുള്ള കുറെ തടിക്കട്ടകൾകൊണ്ട് നയനമോഹനമായ രംഗങ്ങൾ അദ്ദേഹം സൃഷ്ടിക്കുന്നു എന്നാണറിവ്.

'കല്പന' എല്ലാംകൊണ്ടും ഒരു ദേശീയ ചിത്രമായിരിക്കും. ശ്രീ. ഉദയശങ്കറിന്റെ ഭാവനയും നൃത്തനൈപുണിയും, ജെമിനിക്കാരുടെ യാന്ത്രിക സജ്ജീകരണങ്ങളും ഒത്തിണങ്ങുന്ന ഈ പുതിയ ചിത്രം ഇന്നും മുഴമിച്ചിട്ടില്ല.

'കൽപ്പന' കാത്തു നാം ഇനി ഏറെനാൾ കഴിച്ചുകൂട്ടേണ്ടിവരില്ല. അതിന്റെ പൊരുളും, കനവും നമുക്ക് അഭിമാനകരമായിരിക്കും.

HOTEL

PARKLANDS

NEAR ZILLA COURT, KOTTAYAM.

( THE ESQUIRE'S REST HOUSE )

Managed by the Hotel de Park People

"MODERN"

The Ultra Modern Hotel

(Bar Attached)

Caterers and Confectioners, Kottayam

ഇ. എം. എസ് നമ്പൂതിരിപ്പാട്

# കാർഷികപരിവർത്തനം

### പഴയ സാമ്പത്തിക ഘടനയുടെ തകർച്ചയും, ജനങ്ങളുടെ ദാരിദ്ര്യവും

ജന്മിത്വസ്ഥാപനം, ബ്രിട്ടൻ ഇൻഡ്യയുടെ സാമ്പത്തിക വ്യവസ്ഥിതിയിൽ വരുത്തിയ മാററത്തിന്റെ ഒരു വശം (അത്യന്തം സുപ്രധാനമായ വശമാണെന്നിരുന്നാൽ തന്നെയും) മാത്രമായിരുന്നു.

ഇതിനോടൊപ്പം കൈത്തൊഴിലിന്റെ നാശവും സംഭവിച്ചുകൊണ്ടിരുന്നു. ഇംഗ്ലണ്ടിലുണ്ടാക്കിയ താണതരം ചരക്കുകളുടെ ഇറക്കുമതിയും, ഇൻഡ്യൻ തൊഴിലാളിയോട് ചെയ്ത അക്രമമായ കയ്യേററവും നമ്മുടെ പുരാതന വ്യവസായ സമ്പ്രദായത്തിന്റെ അടിസ്ഥാനം തന്നെ തകർത്തതെങ്ങനെയെന്നതു് സുപ്രസിദ്ധമാണല്ലോ. പല ഇൻഡ്യാചരിത്രകർത്താക്കന്മാരും ഈ ശോകാത്മക കഥ വിവരിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനം അതിനു പ്രചാരണവും നൽകിയിട്ടുണ്ട്.

യഥാർത്ഥത്തിൽ ശതാബ്ദങ്ങളായി വടക്കനിരുന്ന ഒരു വിപ്ലവത്തിന്റെ നാന്ദിയായിരുന്നു ബ്രിട്ടീഷ് ആഗമനം—ഇൻഡ്യൻ സമുദായത്തിനും, സാമ്പത്തിക ഘടനയ്ക്കും സംഭവിച്ച ഒരു വലിയ പരിവർത്തനം—ഇൻഡ്യൻ ജനതയുടെ ദൈനംദിന ജീവിതരീതി പൊട്ടുന്നനവെ വ്യത്യാസപ്പെട്ടു. കാറൽമാർക്സിന്റെ വാക്കുകളിൽ, "ഇൻഡ്യയിൽ നടന്ന, ആഭ്യന്തര സമരങ്ങളും വിപ്ലവങ്ങളും, ആക്രമണങ്ങളും ക്ഷാമങ്ങളും എല്ലാം, വളരെ വിനാശകരങ്ങളും, കുഴഞ്ഞു മറിഞ്ഞതും ആയിരുന്നെങ്കിലും, അവ മുകൾപരപ്പിൽ നിന്ന് അധികം ആഴത്തിലേയ്ക്കു പോയില്ല. ഇംഗ്ലണ്ട് ഇൻഡ്യൻ സമുദായത്തിന്റെ ചട്ടക്കൂട് മുഴുവനെ തല്ലിപ്പൊളിച്ചിരിക്കുന്നു. പുനസ്സംഘടനയുടെ ലക്ഷണങ്ങൾ കാണുന്നുമില്ല."

പഴയതു നശിച്ചു. പുതിയതൊന്നും ഉണ്ടായതുമില്ല. കൈത്തൊഴിൽ തകർന്നു; ആധുനിക യാന്ത്രിക വ്യവസായം ജനിച്ചില്ല. നശിപ്പിക്കപ്പെട്ട ചാതുർവർണ്യത്തിന്റെ സ്ഥാനത്തു ജനാധിപത്യപരമായ വർഗ്ഗബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടില്ല. കൃഷി ചെയ്യുന്നവനു് പൗരാണികമായി ഉണ്ടായിരുന്ന അവകാശങ്ങൾ ജന്മിത്വസ്ഥാപനത്തോടുകൂടി തകർന്നു. അതിനു പകരം നവീന കാർഷിക ശാസ്ത്രം സ്ഥാപിക്കപ്പെട്ടതുമില്ല. ഈ വ്യത്യാസമാണ് നമ്മെ ദരിദ്രന്മാരായ ഒരു അടിമരാജ്യമാക്കി മാററിത്തീർത്തതു്. സ്വയം സംപൂർണ്ണമായ ഒരു ഗ്രാമീണ വ്യവസ്ഥിതിയോ, അതിനു പകരം ആധുനികമായ വ്യവസായ, വാണിജ്യങ്ങളോടുകൂടിയ ഒരു സാമ്പത്തിക ഘടനയോ നമുക്കില്ലാ എന്നതിന്റെ കാരണവും ഇതാണ്.

നമ്മുടെ ഗ്രാമങ്ങളിൽ നിന്നു വിദേശങ്ങളിലേയ്ക്കു ജോലി അന്വേഷിച്ചുള്ള ഒഴുക്കാണ് ഇതിന്റെ പൊതുഫലം. മലയാളികളുടെ കാര്യം മാത്രം എടുക്കാം. സിലോൺ, മലയാ എന്നീ സ്ഥലങ്ങളിലേയ്ക്കു കൂലിക്കാരായിട്ടും, ഗുമസ്തപ്പണിക്കുവേണ്ടി ബോംബയിലേയ്ക്കും, മദ്രാസിലേയ്ക്കും പോകുന്ന ആളുകൾ എത്ര അധികമാണ്. കേരളത്തിലെ മലയാളികളുടെ പത്തിലൊന്നു അംശമെങ്കിലും കേരളത്തിനു വെളിയിലുണ്ടെന്നാണ് എന്റെ കണക്കുകൾ കൊണ്ടു കാണുന്നതു്.

ഇതു് മററു സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളവും പരമാർത്ഥമാണ്. ഏതു വ്യവസായിക നഗരത്തിൽ ചെന്നാലും എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികളെ കാണാൻ കഴിയുന്നതാണ്. കൽക്കട്ടായിലെ തൊഴിലാളികളിൽ ഒരു വലിയ പങ്കം യു. പി. യിൽ നിന്നും, ബീഹാറിൽ നിന്നും വന്നവരാണ്. ബോമ്പെയിൽ കർണ്ണാടക, തെലുങ്കു് തൊഴിലാളികളെ കാണാം. ഉഴറിയ തൊഴിലാളികൾ ആസാം തോട്ടങ്ങളിൽ പണിയെടുക്കുന്നു. ചുരുക്കത്തിൽ എല്ലാ സംസ്ഥാനങ്ങളിലെ ജനങ്ങളും, ജനിച്ച മണ്ണിൽനിന്നു് പറിച്ചെറിയപ്പെട്ടിരിക്കുന്നു. ജീവിതമാർഗ്ഗത്തിനുവേണ്ടി അവർ രാജ്യമൊട്ടുക്കു് അലഞ്ഞുതിരിയുന്നു.

### ഭൂമി കച്ചവടസാധനമായിത്തീരുന്നു.

മേൽ പറഞ്ഞ മാററങ്ങൾ—കൈത്തൊഴിൽ ചെയ്യുന്നവന്റെയും കർഷകന്റെയും നാശം—ജന്മിത്വത്തിന്റെ വളർച്ചയെ പിന്നെയും സഹായിക്കുന്നു.

കർഷകൻ ദാരിദ്ര്യംകൊണ്ടു് നാടുവിടുമ്പോൾ, അവൻ ഉള്ള സ്ഥലം വിൽക്കേണ്ടതായിവരുന്നു. അനേകതലമുറകളായി ഒരു കുടുംബം ജീവിച്ചുവന്ന വീടു വിൽക്കേണ്ടതായിവരുന്നു. ശതാബ്ദങ്ങളായി അവർ കൃഷി ചെയ്തുകൊണ്ടിരുന്ന സ്ഥലങ്ങൾ കൃഷിക്കാർ വിൽക്കുന്നു. സ്വന്തം ഉപകരണങ്ങൾ ഉള്ള കൈത്തൊഴിൽകാർക്കു് അവയും വിൽക്കാതെ ഗത്യന്തരമില്ല.

ബ്രിട്ടീഷ്കാർ വരുന്നതിനു മുമ്പു് ഇതു സാദ്ധ്യമല്ലായിരുന്നു. പഴയ സാമ്പത്തിക ഘടനയിൽ വീടു്, ഭൂമി, ഉൽപ്പാദനോപകരണങ്ങൾ മുതലായവ വിൽക്കുന്നതിനുള്ള ഏർപ്പാടൊന്നുമില്ലായിരുന്നു. വിൽക്കാൻപാടില്ലാത്തവിധം വിലയേറിയതാണവയെന്നായിരുന്നു അന്നത്തെ അഭിപ്രായം. പോരെങ്കിൽ സ്വയം സമ്പൂർണ്ണമായ ഗ്രാമീണവ്യവസ്ഥിതിയിൽ അതിനാവശ്യവുമില്ലായിരുന്നു. ബ്രിട്ടീഷ്കാർ സമാരംഭിച്ച സാമ്പത്തികനീതിയനുസരിച്ചു് ഭൂമി വിൽക്കുവാൻ കഴിവുണ്ടായി എന്നുമാത്രമല്ല, അതു് ആവശ്യമായിത്തീരുകയും ചെയ്തു.

ഈ സമ്പ്രദായം ഒരു പുതിയ തരം ജന്മിമാരെ സൃഷ്ടിച്ചു—നശിച്ചുപോയ കൃഷിക്കാരുടെ ഭൂമി വാങ്ങിച്ചവർ. കാലക്രമത്തിൽ ജന്മിമാരിൽ ഒരു വിഭാഗം ക്ഷയിച്ചു് ഭൂമി വിൽക്കുവാൻ നിർബന്ധിതരായി. അതിന്റെ കർഷകന്റെയും ജന്മിയുടെയും ഭൂമി വ്യാപാരസ്ഥലത്തെത്തി.

### ജന്മികൾ ബ്രിട്ടന്റെ പാവകൾ

ജന്മിത്വം ബ്രിട്ടന്റെ സൃഷ്ടിയാണ്. ബ്രിട്ടീഷ്മേധാവിത്വത്തിൻകീഴ് ജനങ്ങൾ നശിച്ചു ദാരിദ്ര്യത്തിലാണ്ടതോടൊപ്പം തന്നെ; അതിന്റെ തണലിൽ ജന്മിത്വം മുളച്ചു തഴച്ചുവളർന്നു സെമിന്ദാരന്മാരും മററു ജന്മികളും ബ്രിട്ടൻ നമ്മുടെ തലയിൽ കെട്ടിവച്ചതാണ്. അവരുടെ കുടിയാന്മാരായിത്തീർന്ന കർഷകരെ അവർ മർദ്ദിക്കയും ചൂഷണം ചെയ്യുകയും ചെയ്തു. അതുകൊണ്ട് അവരാണ് (ബ്രിട്ടീഷ്കാർ) നമ്മുടെ കർഷകജനതയെ നശിപ്പിച്ചു് നാടും വീടും വിട്ടു് ഉപജീവനമാർഗ്ഗമന്വേഷിച്ചു് ദേശാന്തരഗമനം ചെയ്യുവാൻ ഇടയാക്കിയതിനുള്ള കാരണക്കാർ.

ജന്മിമാരായിത്തീർന്ന പുതുമടിശ്ശീലക്കാരും നമ്മുടെ ജനങ്ങളുടെ ദാരിദ്ര്യത്തിൽ നിന്നു് ഉൽഭവിച്ചവരാണ്. ഓരോ ക്ഷാമവും സാമ്പത്തിക വിഷമഘട്ടവും കൂടുതൽ കൃഷിക്കാരെ പാപ്പരാക്കി, പുതുമടിശ്ശീലക്കാരുടെ പണം വർദ്ധിപ്പിച്ചു. ഉദാഹരണമായി 1943 ലെ ക്ഷാമമായിരക്കണമിതിനുള്ള കർഷകരെ ഭവനരഹിതരും, ഭൂമിരഹിതരുമാക്കിയപ്പോൾ, അതു കുറെ കരിഞ്ചന്തക്കാരെയും, പൂഴ്ത്തിവയ്പുകാരെയും പണക്കാരാക്കി. അവർ പാപ്പരായ കർഷകരുടെ ഭൂമി വാങ്ങിച്ചുകൂട്ടുകയും ചെയ്തു.

പഴയതരം ജന്മിമാരും കഴിഞ്ഞ 150 വർഷത്തെ ബ്രിട്ടീഷ് ഭരണകാലംകൊണ്ടു് ജന്മിമാ

For

BANKING BUSINESS

of every dicription

APPROACH

ORIENT
CENTRAL
BANK LTD.,
KOTTAYAM

Branches at
PALAI, PIRAVAM, KUTHAMANGALAM,
ERUMELI, KUMARAKOM, EARATTUPETTA.

